പിന്നോക്ക സമുദായ കോർപ്പറേഷനിൽ നിന്ന് തൊഴിൽ രഹിതരായവർക്ക് നൽകുന്ന വായ്പ

125 [3272] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ കോർപ്പറേഷൻനിൽ നിന്ന് തൊഴിൽ രഹിതരായവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എത്ര രൂപ വരെ വായ്പയായി നൽകുന്നുണ്ട്;

(ബി) വായ്പയുടെ പലിശ, തിരിച്ചടവിന്റെ കാലാവധി, സബ്സിഡി തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ തൊഴിൽ രഹിതരായവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 5 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നു.

(ബി) (i) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.ജി.സി.എഫ്.ഡി.സി.)-യും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (എൻ.എം.ഡി.എഫ്.സി.)-യും വായ്പാ സഹായത്താൽ നടപ്പിലാക്കിവരുന്ന 5 ലക്ഷം രൂപ വരെയുള്ള സ്വയം തൊഴിൽ പദ്ധതി.

പലിശ നിരക്ക്	..	6%
തിരിച്ചടവ് കാലാവധി	..	60 മാസം

(ii) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.ജി.സി.എഫ്.ഡി.സി.) സഹായത്താൽ നടപ്പിലാക്കുന്ന മറ്റു പിന്നോക്കവിഭാഗത്തിലെ വനിതകൾക്ക് മാത്രമായുള്ള 50,000 രൂപവരെയുള്ള ന്യൂ ആർജ്ജിത പദ്ധതി.

പലിശ നിരക്ക്	..	4%
തിരിച്ചടവ് കാലാവധി	..	60 മാസം

(iii) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ധനസഹായത്താൽ നടപ്പിലാക്കിവരുന്ന ലഘുവായ്പാ പദ്ധതി (മൈക്രോ ക്രഡിറ്റ് സ്കീം), ഈ വായ്പ സർക്കാരിതര സന്നദ്ധ സംഘടനകൾ വഴി സ്വയംസഹായ സംഘങ്ങൾ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) ക്കാണ് നൽകുന്നത്.

	എൻ.ജി.സി.എഫ്.ഡി.സി.	എൻ.എം.ഡി.എഫ്.സി.
ഒരു അംഗത്തിന് കിട്ടുന്ന പരമാവധി തുക	25,000 രൂപ	20,000 രൂപ
പലിശ നിരക്ക് സന്നദ്ധ സംഘടനയ്ക്ക്	5%	4%
സന്നദ്ധ സംഘടന സ്വയം സഹായ സംഘഅംഗത്തിന്	8-10%	7-9%
തിരിച്ചടവ് കാലാവധി	21 മാസം	21 മാസം

ഈ കോർപ്പറേഷൻ ദേശീയ കോർപ്പറേഷനുകളുടെ നിർദ്ദേശത്തിന് വിധേയമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുന്നതിനാൽ സബ്സിഡി ഒന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly